II.ഇ.ബി. XII-കേരള നിയമസഭ/XI-22

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2009 ജൂലൈ 24, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

72(*659) ആഡംബര വിവാഹങ്ങൾക്ക് നിയന്ത്രണം

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) നൽകിയ മറുപടിയിൽ, വർദ്ധിച്ചുവരുന്ന വിവാഹ ധൂർത്ത്, ആഭരണഭ്രമം മുതലായ സാമൂഹ്യ വിപത്തുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. വിവാഹ ധൂർത്ത്, സ്വർണ്ണാഭരണങ്ങളുടെ അമിത ഉപ യോഗം എന്നിവയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി കേരള വനിതാ കമ്മീഷൻ സംസ്ഥാനത്തുടനീളം സെമിനാറുകളും ശില്പശാലകളും സംഘടിപ്പിക്കുകയും ഇതിന്റെ ദൂഷ്യവശങ്ങൾ ചിത്രീകരിക്കുന്ന ഡോക്യു മെന്ററികളും ഓഡിയോ വീഡിയോ സ്പോട്ടുകളും നിർമ്മിച്ചു പ്രദർശിപ്പിക്കു ക്കുകയും സ്ക്കൂൾ, കോളേജ് തലത്തിലുള്ള വിദ്യാർത്ഥികളിലും അവ ബോധം സൃഷ്ടിക്കുന്നതിനായി 'കലാലയജ്യോതി' പരിപാടിയിലും അമിത സ്വർണ്ണാഭരണഭ്രമം സൃഷ്ടിക്കുന്ന വിപത്തുകളെക്കുറിച്ചും സ്ത്രീധനം,

വിവാഹധൂർത്ത് എന്നിവയുടെ ദൂഷ്യവശങ്ങളെക്കുറിച്ചും ക്ലാസ്സുകൾ എടുക്കുകയും കേരള വനിതാ കമ്മീഷൻ സംഘടിപ്പിക്കുന്ന എല്ലാ പൊതുപരിപാടികളിലും ഇത്തരം ജീർണ്ണതയ്ക്കെതിരെ പ്രചാരവേല നടത്തുകയും ബ്രോഷർ, ലഘുലേഖ എന്നിവ വിതരണം ചെയ്യുകയും സ്ത്രീധന വിരുദ്ധ ദിനമായ നവംബർ 26-ന് സാമൂഹ്യക്ഷേമ വകുപ്പ് മുഖാന്തിരം എല്ലാ ജില്ലകളിലും കോളേജുകളിൽ ബോധവത്കരണ സെമിനാറുകൾ നടത്തുകയും ചെയ്യുന്നുണ്ട്. ഇവയെല്ലാം സർക്കാർ നടത്തുന്ന പ്രചാരവേല കൊണ്ടുമാത്രം തടയാവുന്ന പ്രവണതകളല്ല. രാഷ്ട്രീയ പാർട്ടികളും വിവിധ മതസംഘടനകളും സാമൂഹ്യ സംഘടനകളും യുവജന-വനിതാ പ്രസ്ഥാനങ്ങളും എല്ലാം ഒരുമിച്ച് നടത്തുന്ന പ്രവർത്തനത്തിന്റെ ഭാഗമായി മാത്രമേ ഇവ നിയന്ത്രിക്കാൻ കഴിയുകയുള്ളൂ. ആഡംബര വിവാഹങ്ങൾക്ക് ലക്ഷ്വറി ടാക്സ്/ഫീസ് ഏർപ്പെടുത്തണമെന്ന സംസ്ഥാന വനിതാ കമ്മീഷന്റെ ശുപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. സ്ത്രീധന നിരോധന നിയമം നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ പരമാവധി ശ്രമിക്കുന്നുണ്ട്. ഈ നിയമം കൂടുതൽ ശക്തമാക്കുന്നതിന് കേന്ദ്രഗവൺമെന്റ് തന്നെ ഭേദഗതി കൊണ്ടുവരേണ്ടതായുണ്ട്. മൂന്ന് റീജിയണൽ ഓഫീസർമാരും ഒരു ചീഫ് ഡൗറി ഓഫീസറുമടങ്ങുന്ന സംവിധാനംകൊണ്ട് സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. വളർന്നുവരുന്ന തലമുറയ്ക്ക് ലളിത ജീവിതത്തോടും ആഡംബരരഹിത വിവാഹത്തോടും താൽപ്പര്യം ജനിപ്പിക്കത്തക്ക വിധത്തിലുള്ള പ്രോൽസാഹനം കൊടുക്കുന്നതിനെക്കുറിച്ചും വിവാഹശേഷമുള്ള ആത്മഹത്യയുംമറ്റും തടയുന്നതിന് പ്രീമാര്യേജ്

കൗൺസിലിംഗ് നടത്തുന്നതിനെക്കുറിച്ചും ആലോചിക്കുന്നതാണെന്ന് മന്ത്രി വ്യക്തമാക്കി.

73 (*660) സിമെറ്റിന്റെ കീഴിൽ മെച്ചപ്പെട്ട കൂടുതൽ കോളേജുകൾ

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ആരോഗ്യവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനും ഗവേഷണം പ്രോൽസാഹിപ്പിക്കുന്നതിനുംവേണ്ടിയാണ് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് ടെക്നോളജി (സിമെറ്റ്) എന്ന സ്ഥാപനം സർക്കാർ ഉടമസ്ഥതയിൽ ആരംഭിച്ചതെന്നും ഈ സ്ഥാപനത്തിന്റെ കീഴിൽ പാലക്കാട് (മലമ്പുഴ), കാസർഗോഡ് (ഉദുമ), എറണാകുളം (പള്ളുരുത്തി) എന്നിവിടങ്ങളിൽ മൂന്ന് നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നതായും ഈ അദ്ധ്യയനവർഷം ബി.എസ്.സി. നഴ്സിംഗ് കോഴ്സ് ഈ മൂന്നു കോളേജുകളിലും ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായും സഭയെ അറിയിച്ചു. സിമെറ്റിന്റെ കീഴിൽ കൂടുതൽ സ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യം പിന്നീട് പരിശോധിക്കുന്നതാണ്. സർക്കാരിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമായി സ്വകാര്യ സ്വാശ്രയമേഖലയിൽ കൂടുതൽ നഴ്സിംഗ് കോളേജുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലാണ്. തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം എന്നീ മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് എം.എസ്.സി. നഴ്സിംഗ് സ്പെഷ്യലൈസേഷൻ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. നഴ്സിംഗ് കോഴ്സുകൾ പാസ്സാകുന്നവർക്ക് ഫിനിഷിംഗ് സ്കൂളുകൾവഴി ഇംഗ്ളീഷ് ഭാഷാ പരിജ്ഞാനം ലഭ്യമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

സിമെറ്റിന്റെ കീഴിൽ പാലക്കാട് ജില്ലയിലെ കുഴൽമന്ദത്തും കണ്ണൂർ ജില്ലയിലെ പയ്യന്നൂരും പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ കഴിഞ്ഞ അദ്ധ്യയനവർഷം മുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഹെൽത്ത് ആന്റ് ഫാമിലി വെൽഫയർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിൽ നഴ്സുമാരുടെ ക്വാളിറ്റി വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. യോഗ്യതയില്ലാത്ത ലാബ് ടെക്നീഷ്യൻമാരുടെ നിയമനത്തെക്കുറിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് ഒരു നിയമംതന്നെ വേണ്ടിവരുമെന്നും ഹൈടെക്ക് ലബോറട്ടറി സ്ഥാപിക്കുന്നതിനെക്കുറിച്ചും ഹോംനഴ്സ് ട്രെയിനിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ചും ആലോചിക്കുന്നതാണെന്നും തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ പഴയ കെട്ടിടത്തിൽ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണെന്നും മന്ത്രി വ്യക്തമാക്കി.

74(*661) <u>ശാസ്താംകോട്ട കായലിന്റെ സംരക്ഷണം</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ എല്ലാ ജലാശയങ്ങളും ജലസ്രോതസ്സുകളും സംരക്ഷിക്കുന്നതിന്റെ ഭാഗമായി 2003-ലെ ഇറിഗേഷൻ വാട്ടർ കൺസർവേഷൻ ആക്ട് ഭേദഗതി വരുത്തി ഒരു ''വെറ്റ് ലാന്റ് അതോറിറ്റി '' രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നതായി സഭയെ അറിയിച്ചു. ശാസ്താംകോട്ട കായലിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ട് ലഭ്യമായിട്ടുള്ള 36 ലക്ഷം രൂപയിൽ 26.08 ലക്ഷം രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ടെന്നും ഈ കായലിന്റെ സംരക്ഷണ പ്രവർത്തനങ്ങളുടെ ഏകോപനം നടത്താനാവശ്യമായ സംവിധാനം നിലവിലില്ലെന്നും

കേരളത്തിലെ അംഗീകൃത ജലാശയങ്ങളുടെ മാനേജ്മെന്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നിർവഹിക്കുന്നതിന് ഒരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റി രൂപീകരിക്കാനുള്ള ബിൽ സർക്കാരിന്റെ സജീവ പരിഗണനയിലാണെന്നും മന്ത്രി വ്യക്തമാക്കി.

75(*662) <u>മിനറൽ വാട്ടർ ഉൽപ്പാദനം</u>

ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കേരള ജല അതോറിറ്റിയെ ലാഭത്തിലാക്കുവാൻ മിനറൽ വാട്ടർ ഉൽപ്പാദനം ആരംഭിക്കുമെന്ന് ഈ സർക്കാർ അധികാരത്തിലേറിയപ്പോൾ വാഗ്ദാനം നൽകിയിരുന്നതായും തിരുവനന്തപുരത്ത് അരുവിക്കരയിൽ നിലവിലുള്ള ജലശുദ്ധീകരണശാലയുടെ സമീപമാണ് പ്ളാന്റ് സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും പദ്ധതി നടപ്പാക്കുന്നതിനുള്ള കരാർ ഉറപ്പിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നതായും കരാർ ഉറപ്പിച്ച് ഒരു വർഷത്തിനകം കുടിവെള്ളത്തിന്റെ ഉൽപ്പാദനവും, വിപണനവും ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും സഭയെ അറിയിച്ചു. നിർദ്ദിഷ്ട മിനറൽ വാട്ടർ പ്ളാന്റ് പ്രവർത്തനക്ഷമമാകുമ്പോൾ പൊതു കമ്പോളത്തിൽ വിലകുറച്ചും മെച്ചപ്പെട്ട ഗുണനിലവാരത്തോടെയും കുടിവെള്ളം ലഭ്യമാക്കാൻ സാധിക്കുന്നതാണ്. നാൽപ്പത് ലിറ്റർ വരെ കപ്പാസിറ്റിയുള്ള മിനറൽ വാട്ടർബോട്ടിലുകൾ വിതരണം ചെയ്യുന്നതിനാണ് ആലോചിക്കുന്നത്.

കേരളത്തിലെ പതിനാല് ജില്ലകളിലും വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനാവശ്യമായ ലബോറട്ടറി സംവിധാനവും പ്രധാനപ്പെട്ട ശുദ്ധീകരണശാലകളോടനുബന്ധിച്ച് ക്വാളിറ്റി കൺട്രോൾ ലാബോറട്ടറികളും സംസ്ഥാനാടിസ്ഥാനത്തിൽ

എറണാകുളത്ത് ഒരു സ്റ്റേറ്റ് റെഫറൽ ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിക്കുന്നുണ്ടെന്നും ഗുണനിലവാര പരിശോധനയ്ക്ക് സഞ്ചരിക്കുന്ന ലബോറട്ടറികൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണെന്നും നിരോധിത മേഖലകളിൽനിന്ന് ഭൂജല ചൂഷണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഗ്രൗണ്ട് വാട്ടർ റെഗുലേഷൻ ആക്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 4964 മുതൽ 5138 വരെയുള്ള ചോദ്യങ്ങളിൽ 79 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)